# PONDICHERRY UNIVERSIRTY

(A CENTRAL UNIVERSITY)

## NEP SYLLABUS
## For
## BA (HONOURS) MALAYALAM
## &

**AEC (MIL - Malayalam) for B.A/ B.Sc. Computer Science/ B.COM. / B.C.A/ B.B.A./ B.S.W / B.Voc. Software**

## (NEP)

(Affiliated Colleges)

Effective from Academic Year 2023-24

# BA (Honors) in MALAYALAM

## Learning Outcome - Based Curriculum
## (Compliant with NEP)

**PROGRAMME OUTCOME (PO):**

At the end of the graduate programme at Pondicherry University, a student would:

| | |
|---|---|
| PSO 1 | Demonstrate a profound understanding of knowledge trends and their impact on the chosen discipline of study. |
| PSO 2 | Communication , Collaboration Inclusiveness , and discover the incredible diversity of Language and Literature throughout the history of the world. |
| PSO 3 | Demonstrate Professional skills to navigate diverse career paths with confidence and adaptability. |
| PSO 4 | Human Values. Professionals Ethics and Societal and Environmental Res possibility. |
| PSO 5 | Acquire professional skills related to comparative literature, translation and media studies, applying scientific understanding and critical thinking to address challenges and advance sustainable solutions. |

## പോണ്ടിച്ചേരി സർവ്വകലാശാലയിൽ നിന്ന് ബി.എ മലയാളഭാഷയും സാഹിത്യവും പൂർത്തിയാക്കുന്ന വിദ്യാർത്ഥി

| | |
|---|---|
| **PSO 1** | മലയാളഭാഷയും സാഹിത്യവും അതിന്റെ ചരിത്രപരമായ പരിണാമവും വികാസവും സ്വായത്തമാക്കി സാഹിത്യകൃതികളെ മനസ്സിലാക്കുകയും ഉൾക്കാഴ്ചയോടെ വില യിരുത്തുകയും ചെയ്യുന്നു. |
| **PSO 2** | മലയാളഭാഷയുടെ ചരിത്രം, വ്യവഹാരം, വളർച്ച തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച ധാരണയും അവധാരണശേഷിയും കൈവരിക്കുന്നു. |
| **PSO 3** | കേരളചരിത്രത്തിന്റെ പശ്ചാത്തലത്തിൽ കേരളീയസമൂഹത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെയുള്ള രൂപികരണം, വളർച്ച, ഇവ തിരിച്ചറിയുകയും കേരളീയ സാംസ്കാരിക പശ്ചാത്തലത്തിൽ ഭാഷയേയും സാഹിത്യത്തേയും കേരളീയകലകളേയും വിശകലന വിധേയമാക്കാൻ പര്യാപ്തരാവുകയും ചെയ്യുന്നു |
| **PSO 4** | അക്കാദമികവികാസം ഗവേഷണപ്രക്രിയ തുടങ്ങിയവയിൽ പരിശീലനം നേടുകയും നേടിയ അറിവുകൾ നിത്യജിവിത സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള നിപുണത കൈവരിക്കുന്നു. |
| **PSO 5** | പലകാലങ്ങളിലേയും പലദേശത്തെയും സാഹിത്യത്തെ മനസ്സിലാക്കി അവയുടെ സവിശേഷതകൾ സ്വഭാഷയിലെ സാഹിത്യത്തെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. |

### PSO in Mission Statement Mapping

| | PSO 1 | PSO2 | PSO3 | PSO5 |
|---|---|---|---|---|
| M1 | ✓ | ✓ | ✓ | ✓ |
| M2 | ✓ | ✓ | ✓ | ✓ |
| M3 | ✓ | ✓ | ✓ | ✓ |
| M4 | ✓ | ✓ | ✓ | ✓ |

**PO to PSO Map-**

| | PO1 | PO2 | PO3 | PO5 |
|---|---|---|---|---|
| **PSO1** | ✓ | ✓ | ✓ | ✓ |
| **PSO2** | ✓ | ✓ | ✓ | ✓ |
| **PSO3** | ✓ | ✓ | ✓ | ✓ |
| **PSO4** | ✓ | ✓ | ✓ | ✓ |
| **PSO5** | ✓ | ✓ | ✓ | ✓ |

**Assessment Pattern**

- **Internal Assessment 25% marks**
- **Class test/ Quiz /Assignment/Discussion/ Seminar/ Presentations Midterm Exam (10%)**
- **Final Exam (75%)**

**Mapping of PSO to Assesment Pattern**

| | External Exam | Assignment | Seminar | Project Evaluation | End Semester Examinations |
|---|---|---|---|---|---|
| **PSO1** | ✓ | ✓ | | | ✓ |
| **PSO2** | ✓ | ✓ | | | ✓ |
| **PSO3** | ✓ | ✓ | ✓ | | ✓ |
| **PSO4** | | ✓ | ✓ | | ✓ |
| **PSO5** | | ✓ | ✓ | | ✓ |
| **PSO6** | ✓ | ✓ | | ✓ | |

## SEMESTER - 1

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-1 | ആധുനിക മലയാള കവിത<br>(Adhunika Malayala Kavitha) | 5 | 4 |
| 2 | MID - 1 | മലയാള ചെറുകഥാ സാഹിത്യം<br>(Malayala Cherukatha Sahithyam) | 5 | 4 |
| 3 | MLD -1 | നാച്ചുറൽ സയൻസ്<br>(Natural Science ) | 4 | 3 |
| 4 | SEC - 1 | തിരക്കഥ - രചനാതത്വങ്ങൾ<br>(Thirakatha - Rachana Thatvangal) | 4 | 3 |
| 5 | VAC - 1 | Understanding India | 4 | 2 |
| 6 | VAC - 2 | Emviornmental Science Education | 4 | 2 |
| 7 | AEC - 1 | English - Functional English 1 | 4 | 3 |

## SEMESTER - 2

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-2 | മലയാള നോവൽ<br>(Malayala Novel) | 5 | 4 |
| 2 | MID - 2 | ആധുനികാനന്തര മലയാള കവിത<br>(Adhunikananthara Malayala Kavitha ) | 5 | 4 |
| 3 | MLD -2 | Physical Science | 4 | 3 |
| 4 | SEC - 2 | നാടക രചനാതത്വങ്ങൾ<br>(Nataka Rachana Thatwangal) | 4 | 3 |
| 5 | VAC - 3 | Digital Technology | 4 | 2 |
| 6 | VAC - 4 | Health and well being | 4 | 2 |
| 7 | AEC/MIL - 1 | മലയാള കവിത<br>(Malayala Kavitha) | 4 | 3 |

## SEMESTER - 3

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-3 | പ്രാചീനസാഹിത്യം<br>(Pracheena Sahithyam) | 5 | 4 |
| 2 | MJD - 4 | നിരൂപസാഹിത്യം<br>(NiroopaSahithyam ) | 5 | 4 |
| 3 | MID -3 | ഭാഷാ ശാസ്ത്രം | 5 | 4 |
| 4 | MLD - 3 | Social Science | 4 | 3 |
| 5 | AEC - 2 | English - Functional English - 2 | 4 | 3 |
| 6 | SEC - 3 | സർഗാത്മക രചന<br>(Sargatmaka Rachana) | 4 | 3 |

## SEMESTER - 4

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-5 | മധ്യകാല സാഹിത്യം<br>(Madhyakala Sahithyam) | 5+1<br>(Tr hour) | 4 |
| 2 | MJD - 6 | സംസ്കൃതഭാഷയും സാഹിത്യവും<br>(SamskrithaBashayum Sahityavum ) | 5+1<br>(Tr hour | 4 |
| 3 | MJD - 7 | മലയാള നാടകം<br>(Malayala Natakam) | 5 | 4 |
| 4 | MID - 4 | പരിസ്ഥിതിയും സാഹിത്യവും<br>(Paristhithiyum Sahithyavum) | 5 | 4 |
| 5 | AEC/MIL- 2 | മലയാള നോവലും കഥയും<br>(Malayala Novalum Kathayum) | 4 | 3 |
| 6 | Internship | Community Engagement<br>(15 days) | 4 | 2 |

## SEMESTER - 5

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-8 | വൃത്തശാസ്ത്രവും അലങ്കാരശാസ്ത്രവും (Vruthasthravum Alankarasasthravum) | 6 | 4 |
| 2 | MJD - 9 | പ്രാചീന കേരളം - ചരിത്രവും സംസ്കാരവും (Pracheena Keralam - Charithravum Samskaravum ) | 6 | 4 |
| 3 | MJD -10 | ഭാഷാ സാഹിത്യചരിത്രം - പ്രാചീനം (Bhasha Sahithya Charithram - Pracheenam) | 6 | 4 |
| 4 | MJD -11 | Summer Internship | 6 | 4 |
| 5 | MID - 5 | സൈബർ മലയാളം - സംവേദനവും സാങ്കേതികതയും (Cyber Malayalam - Samvedanavum Sankethikathayum | 6 | 4 |

## SEMESTER - 6

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD- 12 | മലയാള വ്യാകരണം (Malayala Vyakaranam) | 6 | 4 |
| 2 | MJD - 13 | ആധുനിക കേരളം ചരിത്രവും സംസ്കാരവും (Adhunika Keralam - Charithravum Samskaravum ) | 6 | 4 |
| 3 | MJD - 14 | ഭാഷാ സാഹിത്യ ചരിത്രം - ആധുനികം (Bhasha Sahithya Charithram - Aadhunikam) | 6 | 4 |
| 4 | MJD - 15 | സാഹിത്യ സിദ്ധാന്തങ്ങൾ - പൗരസ്ത്യം (Sahithya Sidhanthangal - Pourasthyam) | 6 | 4 |
| 5 | MID - 6 | മാധ്യമ പഠനം (Madhyama Patanam) | 6 | 4 |

## SEMESTER - 7

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-16 | നാടോടി വിജ്ഞാനീയം (Folkloristics) | 6 | 4 |
| 2 | MJD - 17 | അച്ചടിമാധ്യമം - തത്വവും പ്രയോഗവും (Achadimadhyamam- Thathvavum Prayogavum) | 6 | 4 |
| 3 | MJD -18 | സഞ്ചാരസാഹിത്യം (Sanchara Sahithyam ) | 6 | 4 |
| 4 | MID - 7 | ദൃശ്യമാധ്യമ പഠനം (Dhrisya Madhyama Padanam) | 6 | 4 |
| 5 | MID - 8 | പ്രായോഗിക മലയാളം (Prayogika Malayalam) | 6 | 4 |

## SEMESTER - 8

| Sl No | Type of Course | Title | Course Hours | Credit |
|---|---|---|---|---|
| 1 | MJD-19 | ആത്മകഥയും ജീവചരിത്രവും (Athmakathayum Jeevacharithravum) | 6 | 4 |
| 2 | MJD - 20 | സാഹിത്യ സിദ്ധാന്തങ്ങൾ - പാശ്ചാത്യം (Sahithya Sidhanthangal - Paschathyam) | 6 | 4 |
| 3 | ഗവേഷണം (Research)<br>3 MJD Papers | പ്രബന്ധ സമർപ്പണം Dissertation<br>Or | | |
| | MJD-21 | വിവർത്തനം - സിദ്ധാന്തവും പ്രയോഗവും (Translation Theory and Practice) | 6 | 4 |
| | MJD-22 | സ്ത്രീവാദവും സാഹിത്യവും (Shreevaadavum Sahithyavum) | 6 | 4 |
| | MJD-23 | സംസ്കാരപഠനം - (Cultural Studies) | 6 | 4 |

Students are required to obtain 164 credits to be eligible for the award of the degree of BA in Malayalam

| Sl No. | Semester | Core | Total Credits |
|---|---|---|---|
| 1 | Semester I | | 21 |
| 2 | Semester II | | 21 |
| 3 | Semester III | | 21 |
| 4 | Semester IV | | 21 |
| 5 | Semester V | | 20 |
| 6 | Semester VI | | 20 |
| 7 | Semester VII | | 20 |
| 8 | Semester VIII | | 20 |
| Total Credits | | | 164 |

**Board of Studies in Malayalam**
**MODERN INDIAN LANGUAGE (MIL) - MALAYALAM**
**For BA/ B.Sc /B.Com/B.Sc Computer Science/BBA/BCA/BSW/**
**B.Voc.Software (from the upcoming semester)**

4 Lecture hours per week, 3 credits in one Semester. The course consists of 2 papers, spread over 2 Semester Normally II & IV Semester Total credits 6

## SEMESTER - II

**MIL-1 മലയാള കവിത**

കാല്പനികത മുതൽ ആധുനികാനന്തരംവരെയുള്ള മലയാളകവിതയിലെ ഭാവുകത്വപരിണാമം പരിചയപ്പെടുത്തുകയാണ് പഠനോദ്ദേശ്യം.

ഒരു ഖണ്ഡകാവ്യവും ഏഴ് കവിതകളും വിശദപഠനത്തിന് നിർദ്ദേശിക്കുന്നു. ഒരോന്നിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകും.

| | |
|---|---|
| ചിന്താവിഷ്ടയായ സീത | കുമാരനാശാൻ |
| കാവ്യനർത്തകി | ചങ്ങമ്പുഴകൃഷ്ണപിള്ള |
| മാമ്പഴം | വൈലോപ്പള്ളിശ്രീധരമേനോൻ |
| പൂതപ്പാട് | ഇടശ്ശേരിഗോവിന്ദൻനായർ |
| കോതമ്പുമണികൾ | ഒ.എൻ.വി.കുറുപ്പ് |
| രാത്രിമഴ | സുഗതകുമാരി |
| ആനന്ദധാര | ബാലചന്ദ്രൻചുള്ളിക്കാട് |
| പന്ത്കായ്ക്കും കുന്ന് | മോഹനകൃഷ്ണൻ കാലടി |

## SEMESTER IV -

**MIL2 മലയാളനോവലും കഥയും**

ഒരു നോവലും ഒമ്പത് കഥകളും പഠനത്തിന് നിർദ്ദേശിക്കുന്നു. എല്ലാറ്റിൽനിന്നും ചോദ്യങ്ങൾ ഉണ്ടാവും.

| | |
|---|---|
| മഞ്ഞ് (നോവൽ) | എം.ടി. വാസുദേവൻനായർ |

**കഥകൾ**

| | |
|---|---|
| ഒരു മനുഷ്യൻ | വൈക്കംമുഹമ്മദ് ബഷീർ |
| കാറ്റുപറഞ്ഞകഥ | ഒ.വി.വിജയൻ |
| കോലാട് | മാധവിക്കുട്ടി |
| പ്രേമവും വിവാഹവും | വി.കെ.എൻ. |
| ഗൗരി | ടി.പത്മനാഭൻ |
| തണ്ണീർകുടിയന്റെ തണ്ട് | എം.മുകുന്ദൻ |
| ഹിഗ്വിറ്റ | എൻ.എസ്.മാധവൻ |
| മോഹമഞ്ഞ | കെ.ആർ.മീര |
| കരിമ്പുലി | ജി.ആർ.ഇന്ദുഗോപൻ |

**PONDICHERI UNIVERSITY**

Board Of Studies, Malayalam

# BA Malayalam (Honours Syllabus)

## SEMESTER I

### MJD1 ആധുനികമലയാള കവിത

കാല്പനികത മുതൽ ആധുനികതവരെയുള്ള കവിതകൾ ഈ പേപ്പറിൽ ഉൾപ്പെടുന്നു. ആധുനിക മലയാള കവിതകളെ പൊതുവിൽ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കണം.
അഞ്ച് കവിതകൾ വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു. എല്ലാറ്റിൽ നിന്നും ചോദ്യങ്ങൾ വേണം.

| | |
|---|---|
| ഒരു വിലാപം | വി.സി. ബാലകൃഷ്ണപ്പണിക്കർ |
| അച്ഛനും മകളും | വള്ളത്തോൾ നാരായമേനോൻ |
| മനസ്വിനി | ചങ്ങമ്പുഴ കൃഷ്ണപ്പിള്ള |
| കണ്ണീർപ്പാടം | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| പൂക്കാതിരിക്കാനെനിക്കാവതില്ലേ | അയ്യപ്പപണിക്കർ |

### MID 1 മലയാള ചെറുകഥാസാഹിത്യം

മലയാളചെറുകഥയുടെ ഭാവുകത്വപരിണാമം അടയാളപ്പെടുത്തുന്ന കഥകളാണ് പഠനത്തിനായി നിർദ്ദേശിക്കുന്നത്. മലയാളകഥയുടെ പ്രാരഭം മുതൽ വർത്തമാനകാലം വരെയുള്ള പരിണാമം വിശദമാക്കുന്ന കഥകൾ പഠനത്തിന് നിർദ്ദേശിക്കുന്നു. കഥാസാഹിത്യത്തെക്കുറിച്ചുള്ള പൊതു അറിവ് വിദ്യാർത്ഥികൾ സ്വായത്തമാക്കണം. എല്ലാ കഥകളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകും.

| | |
|---|---|
| വാസനവികൃതി | വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ |
| വെള്ളപ്പൊക്കത്തിൽ | തകഴി ശിവശങ്കരപ്പിള്ള |
| മോതിരം | കാരൂർ |
| ചുവന്ന പാവാട | മാധവികുട്ടി |
| ലോല | പത്മരാജൻ |
| പന്തിഭോജനം | സന്തോഷ് ഏച്ചിക്കാനം |

**അധികവായനയ്ക്ക്**

| | |
|---|---|
| ചെറുകഥ ഇന്നലെ ഇന്ന് | എം. അച്യുതൻ |
| കഥ കാലംപോലെ | എൻ.ശശിധരൻ |
| കഥ തേടുന്ന കഥ | എൻ.പ്രഭാകരൻ |
| കഥയും ഭാവുകത്വപരിണാമവും | കെ.എസ്.രവികുമാർ |

**SKILL ENHANCEMENT COURSE (SEC)- 1**

**തിരക്കഥ - രചനാതത്വങ്ങൾ (പ്രാക്ടിക്കൽ)**

(വിദ്യാർത്ഥികളുടെ രചനവൈഭവം വികസിപ്പിക്കുകയാണ് ഈ പേപ്പറിന്റെ ലക്ഷ്യം)

യൂണിറ്റ് 1.

സിനിമയും തിരക്കഥയും - സിനിമ - ചരിത്രം, വികാസം

യൂണിറ്റ് 2.

തിരക്കഥ സിനിമയാകുമ്പോൾ വരുന്ന മാറ്റങ്ങൾ. തിരക്കഥയുടെ അടിസ്ഥാന ഘടകങ്ങൾ

യൂണിറ്റ്3.

മലയാളത്തിലെ തിരക്കഥകൾ - സാമാന്യ അവലോകനം പ്രധാന തിരക്കഥാകൃത്തുക്കൾ

യൂണിറ്റ് 4.

'എം.ടി. യുടെ ഒരു വടക്കൻ' വീരഗാഥ എന്ന തിരക്കഥയുടെ വിശദപഠനം

**യൂണിറ്റ് 5.**

സെമസ്റ്ററിന്റെ അവസാനം ഏതെങ്കിലും ഒരു കഥ 30 മിനിറ്റെങ്കിലും ദൈർഘ്യമുള്ള ഒരു തിരക്കഥാ രൂപത്തിലാക്കി ഓരോ വിദ്യാർത്ഥിയും സമർപ്പിക്കണം.

**SEMESTER II**

## MJD 2 മലയാള നോവൽ

മലയാളനോവൽ സാഹിത്യത്തെക്കുറിച്ച് ഒരു പൊതുബോധം വിദ്യാർത്ഥികൾ നേടിയെടുക്കണം. പ്രധാനപ്പെട്ട മലയാളനോവലുകളെ പരിചയപ്പെടുത്തുകയും അവ വായിക്കാനുള്ള താൽപര്യം വിദ്യാർത്ഥികളിൽ ഉണർത്തുകയും വേണം താഴെപ്പറയുന്ന നോവലുകൾ വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു. എല്ലാറ്റിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകും.

| | |
|---|---|
| 1.ഇന്ദുലേഖ | ഒ. ചന്തുമേനോൻ |
| 2.ഓടയിൽനിന്ന് | പി.കേശവദേവ് |
| 3.സ്മാരകശിലകൾ | പുനത്തിൽകുഞ്ഞബ്ദുള്ള |
| 4.ആലാഹയുടെ പെൺമക്കൾ | സാറാജോസഫ് |

## MID2 ആധുനികാനന്തര മലയാളകവിത

മലയാളത്തിലെ ആധുനികാനന്തര പ്രവണതകൾ പരിചയപ്പെടാൻ സഹായകമായ അഞ്ച് കവിതകളാണ് ഈ പേപ്പറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| ഒടുവിൽ ഞാൻ ഒറ്റയായാകുന്നു | സച്ചിദാനന്ദൻ |
| കൗസല്യ | വിജയലക്ഷ്മി |
| മാമ്പഴക്കാലം | പി.പി.രാമചന്ദ്രൻ |
| ഒരുമുടന്തന്റെ സുവിശേഷം | കല്പറ്റ നാരായണൻ |
| ഒരു കുട്ടി വരച്ച ക്രയോൺ ചിത്രങ്ങൾ | ഷീജ വക്കം |

## SEC 2. നാടകരചനാതത്വങ്ങൾ (പ്രാക്ടിക്കൽ)

നാടകമെന്ന സാഹിത്യരൂപം മനസ്സിലാക്കി മലയാളത്തിലെ പ്രശസ്ത നാടക കൃത്തുക്കളെയും നാടകങ്ങളെയും പരിചയപ്പെട്ട് സ്വന്തമായി ഒരു നാടകം രചിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തമാക്കുകയാണ് ഈ പേപ്പർ ലക്ഷ്യമിടുന്നത്. മലയാളനാടകത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെയുള്ള വളർച്ച, വ്യത്യസ്ത നാടകസമീപനങ്ങൾ നാടകപ്രസ്ഥാനങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് പരിചയ

പ്പെടുത്തണം.കെ.ദാമോദരന്റെ 'പാട്ടബാക്കി' എന്ന നാടകം വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**

| | |
|---|---|
| മലയാള നാടകസാഹിത്യചരിത്രം | ജി.ശങ്കരപ്പിള്ള |
| ഉയരുന്ന യവനിക | സി.ജെ.തോമസ് |
| കർട്ടൻ | എൻ.എൻ.പിള്ള |
| നാടകദർപ്പണം | എൻ.എൻ.പിള്ള |

**SEMESTER III**

## MJD- 3 പ്രാചീനസാഹിത്യം ( PRACHEENA SAHITHYAM)

മലയാളസാഹിത്യത്തിലെ പ്രാചീന കൃതികളുടെ വിശദാംശങ്ങൾ മനസ്സിലാക്കുകയാണ് ഈ പേപ്പർ ലക്ഷ്യമിടുന്നത്. താഴെ പറയുന്നവ വിശദ പഠനത്തിനായി നിർദ്ദേശിക്കുന്നു.

1.രാമചരിതം (ആദ്യത്തെ 10 പാട്ടുകൾ)
2.കണ്ണശ്ശരാമായണം (ആദ്യത്തെ 15 എണ്ണം)
3.ഉണ്ണുനീലി സന്ദേശം (ആദ്യത്തെ 20 ശ്ലോകകൾ)
4.കൃഷ്ണഗാഥ - ചെറുശ്ശേരി (ഗോവർദ്ധനോദ്ധാരണം)
5.ഭാഷകൌടില്യം ( ആദ്യത്തെ ഖണ്ഡം)

**സഹായകഗ്രന്ഥങ്ങൾ**

| | |
|---|---|
| കേരളസാഹിത്യചരിത്രം | ഉള്ളൂർ |
| കൈരളിയുടെ കഥ | എൻ. കൃഷ്ണപിള്ള |
| കവിതാസാഹിത്യചരിത്രം | ഡോ.എം.ലീലാവതി |
| സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ | ഡോ. കെ.എം.ജോർജ് |

## MJD - 4 നിരൂപണ സാഹിത്യം (NIROOPANASAHITHYAM)

മലയാള നിരൂപണ ശാഖയെ പരിചയപ്പെടുത്തുകയാണ് ഈ പേപ്പർ. വിശദ പഠനത്തിനായി താഴെ പ്പറയുന്ന ലേഖനങ്ങൾ നിർദ്ദേശിക്കുന്നു.

| | |
|---|---|
| നിഷ്പക്ഷനിരൂപണം | കുട്ടികൃഷ്ണമാരാർ ( കല ജീവിതം തന്നെ) |
| സൗന്ദര്യത്തിന്റ അധിഷ്ഠാനം | എം.പി.പോൾ (സൗന്ദ്യര്യനിരീക്ഷണം) |
| പുരോഗമന സാഹിത്യംഇന്നലെ, ഇന്ന് (പുരോഗമന സാഹിത്യവും മറ്റും) | സുകുമാർ അഴീക്കോട് |
| മാമ്പഴം | എം.എൻ.വിജയൻ |
| ക്ഷോഭിക്കുന്നവരുടെ സുവിശേഷം | കെ.പി.അപ്പൻ |

**അധികവായനയ്ക്ക്**

| | |
|---|---|
| മലയാളസാഹിത്യവിമർശനം | സുകുമാർ അഴിക്കോട് |
| സത്യം ശിവം സുന്ദരം | എം ലീലവതി |
| മലയാളസാഹിത്യനിരൂപണം | പി.വി.വേലായുധൻപിള്ള |

## MID - 3 ഭാഷാശാസ്ത്രം (BHASHASASTHRAM)

ആധുനിക ഭാഷാശാസ്ത്രത്തെക്കുറിച്ചുള്ള സാമാന്യധാരണയാണ് ഈ പേപ്പർ ലക്ഷ്യമിടുന്നത്.

### യൂണിറ്റ് 1

ഭാഷ - സാമാന്യതത്വങ്ങൾ - മനുഷ്യഭാഷയും മനുഷ്യേതര ജീവജാലങ്ങളുടെ ആശയവിനിമയ രീതികളും, ഹോക്കറ്റിന്റെ നിരീക്ഷണങ്ങൾ, ദ്വൈവിധ്യം(duality) സൃഷ്ട്യുന്മുഖത്വം (Productivity) സാങ്കേതികത്വം (arbitrariness) വിശേഷീകരണം (Specilisation) ആദേശക്ഷമത (displacement) സ്ഥാനവിപര്യായക്ഷമത (Interchangability) സാംസ്കാരിക സംക്രമണം (Cultural transmission)

### യൂണിറ്റ് 2

ആശയവിനിമയ മാതൃക (Communication model), ഭാഷകൾ പലവിധം - മൃതഭാഷ (dead language) ജൈവഭാഷ /അജൈവഭാഷ (organic language / inorganic language) - സംപുഷ്ട ഭാഷ - സങ്കരഭാഷ (pidgin) - വെങ്കലഭാഷ (Creole) - കൃത്രിമഭാഷ (artificial language) മാനകഭാഷ / മാനകേതരഭാഷ ( Standard language / non - standard language), അന്താരാഷ്ട്ര ഭാഷ (international language) ദേശീയ ഭാഷ (national language) - ഔദ്യോഗികഭാഷ

### യൂണിറ്റ് 3.

സ്വനവിജ്ഞാനം (phonetics) - സ്വനം (phone) - സ്വനവിജ്ഞാനത്തിന്റെ ഉൾപ്പിരിവുകൾ - ഉച്ചാരണാസ്പദ സ്വനവിജ്ഞാനം (articulatory phonetics) തംരഗാസ്പദ സ്വനവിജ്ഞാനം (acoustic phonetics) - ശ്രവണാസ്പദ സ്വനവിജ്ഞാനം (auditory phonetics) - വാഗിന്ദ്രിയങ്ങൾ (organ of speech) - നാദതന്തുക്കൾ (vocal cords) - ശ്വാസി / നാദി - സ്വര- വ്യഞ്ജന വിഭജനം

സ്വരവിഭജനത്തിന്റെ മാനദണ്ഡങ്ങൾ - മാനസ്വരങ്ങൾ (cardinal vowel) - ദ്വിസ്വരങ്ങൾ (dipthong) - വ്യഞ്ജനവിഭജനം (Classification of consonants - സ്പർശങ്ങൾ (stops / plosives), അനുനാസികങ്ങൾ (nasals), ഘർഷികൾ (fricatives) - അനുഘർഷികൾ (affricatives), സ്ഫുരിതങ്ങൾ /കമ്പിതങ്ങൾ (Trills) - പാർശ്വികങ്ങൾ (laterals) - പ്രവാഹികൾ (continuants)

### യൂണിറ്റ് 4

സ്വനിമവിജ്ഞാനം(phonemics),സ്വനിമം(phoneme) - വ്യത്യയം(contrast) അല്പവ്യത്യയജോഡി / അല്പേതരവ്യത്യയജോഡി (minimal pair /subminimal pair) - ഉപസ്വനവും പൂരകവിതരണവും (allophones and complimentary distribution ) ഭാഗികപൂരകത്വവും /ബഹുമുഖ പൂരകത്വവും (paritial complementation/multiple complementation) പ്രാന്തസ്വനിമം (marginal phoneme) മലയാളത്തിലെസ്വനിമങ്ങൾ

### യൂണിറ്റ് 5

രൂപിമ വിജ്ഞാനം (morphology) രൂപിമം(morpheme) സ്വതന്ത്രരൂപിമം / ബദ്ധരൂപിമം (free morpheme & bound morpheme) ഉപരൂപം(Allomorph) - സ്വനാധിഷ്ഠിത ഉപരൂപവും - രൂപാധിഷ്ഠിത ഉപരൂപവും (phonologically conditioned allomorph & morphologically conditioned allomorph) വാക്യവിചാരത്തെക്കുറിച്ചുള്ള സാമാന്യപരിചയം ബ്ലൂഫീൽഡ് (Bloomfield ) Z. A ഹാരിസ്, നോം ചോംസ്കി എന്നിവരുടെ വാക്യവിചാരം

**അധികവായനയ്ക്ക്**

| | |
|---|---|
| ആധുനിക ഭാഷശാസ്ത്രം | കെ.എം പ്രഭാകരവാര്യർ |
| ഭാഷാവലോകനം | കെ.എം. പ്രഭാകരവാര്യർ |
| സ്വനിമ വിജ്ഞാനം | കെ.എം. പ്രഭാകരവാര്യർ |
| സ്വനവിജ്ഞാനം | വി.ആർ. പ്രബോധചന്ദ്രൻ നായർ |
| സ്വനമണ്ഡലം | ബി.വേണുഗോപാലപണിക്കർ |
| A Course in modern linguistics | Charles F. Hocked |
| Phonetics Its Nature and Use | John Lyons |

**SEMESTER IV**

## MJD-5 മധ്യകാലസാഹിത്യം (Madhyakala Sahithyam)

| | |
|---|---|
| അദ്ധ്യാത്മരാമായണം കിളിപ്പാട്ട് (ബാലകാണ്ഡം ) | എഴുത്തച്ഛൻ |
| ജ്ഞാനപ്പാന | പൂന്താനം |
| കല്ല്യാണ സൗഗന്ധികം തുള്ളൽ | കുഞ്ചൻനമ്പ്യാർ |
| നളചരിതം ആട്ടക്കഥ (ഒന്നാം ദിവസം) | ഉണ്ണായിവാര്യർ |

**സഹായകഗ്രന്ഥങ്ങൾ**

| | |
|---|---|
| കേരളസാഹിത്യചരിത്രം | ഉള്ളൂർ |
| കൈരളിയുടെകഥ | എൻ.കൃഷ്ണപിള്ള |
| കവിതാസാഹിത്യചരിത്രം | എം.ലീലവതി |
| കുഞ്ചൻമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും | ഡോ. വി.എസ്.ശർമ്മ |
| കഥകളിവിജ്ഞാനംകോശം | അയ്മനം കൃഷ്ണക്കൈമൾ |

## MJD6 - സംസ്കൃതഭാഷയും സാഹിത്യവും

മലയാള സാഹിത്യത്തിന്റെ പ്രഭവങ്ങളിലൊന്ന് സംസ്കൃതമാണ്. ക്ലാസിക്കൽ - നിയോക്ലാസ്സിക് സാഹിത്യത്തിന്റെ പഠനത്തിനും ആസ്വാദനത്തിനും സംസ്കൃതജ്ഞാനം അത്യന്താപേക്ഷിതമാണ്. മലയാളസാഹിത്യപഠനത്തിന് ആവശ്യമായ അളവിൽ സംസ്കൃതഭാഷയെയും സാഹിത്യത്തെയും പരിചയപ്പെടുകയാണ് പഠനോദ്ദേശ്യം.

യൂണിറ്റ് 1:

സംസ്കൃതസാഹിത്യചരിത്രപരിചയം- ഇതിഹാസകാവ്യങ്ങൾ, മഹാകാവ്യങ്ങൾ എന്നിവയുടെ പരിചയം

യൂണിറ്റ് 2:

മഹാകാവ്യം - ലക്ഷണം - പഞ്ചമഹാകാവ്യങ്ങൾ

യൂണിറ്റ് 3:

കാവ്യരൂപങ്ങൾ - മുക്തകം - സമസ്യ-പ്രഹേളിക-
ചമ്പു എന്നിവയുടെ സാമാന്യ പരിചയം

യൂണിറ്റ് 4:

സംസ്കൃത നാടകങ്ങൾ, ദശരൂപകങ്ങൾ, നാടക നിർവചനം, ഭാസൻ, ശക്തിഭദ്രൻ, കാളിദാസൻ തുടങ്ങിയവരുടെ നാടകങ്ങൾ - സാമാന്യപരിചയം

യൂണിറ്റ് 5:

സംസ്കൃതസാഹിത്യത്തിന് കേരളത്തിന്റെ സംഭാവനകൾ - ശങ്കരാചാര്യർ, കുലശേഖര ആഴ് വാർ,

തോലൻ, മേൽപ്പത്തൂർ നാരായണ ഭട്ടതിരി, കെ.എൻ.എഴുത്തച്ഛൻ എന്നിവരുടെ സംഭാവനകൾ

## MJD - 7 മലയാളനാടകം

താഴെപ്പറയുന്ന നാടകങ്ങളുടെ പഠനത്തിലൂടെ മലയാളത്തിലെ നാടക സാഹിത്യത്തെക്കുറിച്ച് ഒരു സാമാന്യ ധാരണ വിദ്യാർത്ഥികൾക്കുണ്ടാവണം. വിശദപഠനത്തിനായി അഞ്ച് നാടകങ്ങൾ നിർദ്ദേശിക്കുന്നു. ഓരോന്നിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകും.

| | |
|---|---|
| കേരളശാകുന്തളം | ആറ്റൂർകൃഷ്ണപിഷാരിടി |
| അവൻ വീണ്ടും വരുന്നു | സി.ജെ.തോമസ് |
| സാകേതം | സി.എൻ.ശ്രീകണ്ഠൻനായർ |
| ദൈവത്താർ | കാവാലം നാരായണപ്പണിക്കർ |
| ഓരോരോ കാലത്തിലും | കെ.വി.ശ്രീജ |

**അധിക വായനയ്ക്ക്**

| | |
|---|---|
| മലയാള നാടക സാഹിത്യ ചരിത്രം | ജി. ശങ്കരപ്പിള്ള |
| ഉയരുന്ന യവനിക | സി.ജെ.തോമസ് |
| നാടക ദർപ്പണം | എൻ.എൻ.പിള്ള |
| കർട്ടൻ | എൻ.എൻ.പിള്ള |
| നാടക രൂപചർച്ച | കാട്ടുമാടം നാരായണൻ |

## MID 4 പരിസ്ഥിതിയും സാഹിത്യവും

പാരിസ്ഥിതികപ്രമേയങ്ങൾ സാഹിത്യത്തിൽ പ്രതിഫലിപ്പിക്കപ്പെടുന്നത് എപ്രകാരമാണെന്ന അന്വേഷണമാണ് ഈ പേപ്പർ ലക്ഷ്യമിടുന്നത്. പരിസ്ഥിതി പ്രമേയമായി വരുന്ന ഒരു നോവലും ഒരു ജീവിതകഥയും 2 കഥകളും വിശദപഠനത്തിനായി നിർദ്ദേശിക്കുന്നു.

| | |
|---|---|
| എൻമകജെ (നോവൽ) | അംബികസുതൻമാങ്ങാട് |
| കണ്ടൽ കാടുകൾക്കിടയിൽ | |
| എന്റെ ജീവിതം (ജീവിതകഥ) | കല്ലേൻ പൊക്കുടൻ |
| കഥകൾ | |
| ലോകാവസാനം വി.എസ്.അനിൽകുമാർ | |
| ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം | അയ്മനം ജോൺ |
| ഹരിതമോഹനം | സുസ്മേഷ് ചന്ദ്രോത്ത് |

**SEMESTER V**

## MJD 8 വൃത്തശാസ്ത്രവും അലങ്കാരശാസ്ത്രവും (Vrithasastravum Alankarasasthravum)

വൃത്താലങ്കാരങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ പേപ്പർ ലക്ഷ്യമിടുന്നത്

**യൂണിറ്റ് 1**

വൃത്തം - സാമാന്യവിശദീകരണം.ഛന്ദസ്സ്-മാത്ര-ഗണങ്ങൾ-
സംസ്കൃത വൃത്തങ്ങൾ, ദ്രാവിഡ വൃത്തങ്ങൾ

**യൂണിറ്റ് 2.**

സംസ്കൃതവൃത്ത പരിചയം- ഇന്ദ്രവ്രജ, ഉപേന്ദ്രവ്രജ, ഉപജാതി, രാഥോദ്ധത, ഇന്ദ്രവംശ , ഭുജംഗപ്രയാതം, വസന്തതിലകം ,മാലിനി, മന്ദാക്രാന്ത, ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര, കുസുമ മഞ്ജരി, വിയോഗിനി, വസന്തമാലിക, പുഷ്പിതാഗ്ര, ആര്യ, ഗീതി, വക്ത്രം എന്നീ വൃത്തങ്ങളുടെ പരിശീലനം.

**യൂണിറ്റ് 3.**

ഭാഷാവൃത്തപരിചയം-കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി ഊനകാകളി, ദ്രുതകാകളി, കേക, അന്നനട, തരംഗിണി, ഊനതരംഗിണി, മഞ്ജരി, നതോന്നത എന്നീ വൃത്തങ്ങളുടെ പരിശീലനം

**യൂണിറ്റ് 4. :**

അലങ്കാരം എന്നാലെന്ത് - വർഗ്ഗീകരണം - അർത്ഥാലങ്കാരം-ശബ്ദാലങ്കാരം

**യൂണിറ്റ് 5 :**

അലങ്കാരപരിചയം, ഉപമ,രൂപകം, ഉൽപ്രേക്ഷം, സസന്ദേശം, പ്രതിവസ്തൂപമ, ദൃഷ്ടാന്തം, നിദർശന, ദീപകം, അപ്രസ്തുതപ്രശംസ, രൂപകാതിശയോക്തി, ഉല്ലേഖം, വിരോധാഭാസം, സ്വാഭാവോക്തി, സഹോക്തി, ആക്ഷേപം അർത്ഥാപത്തി ,കാവ്യലിംഗം , അർത്ഥാന്തരന്യാസം, ഉദാത്തം,വിഷമം സമാസോക്തി, ശ്ലേഷം, അനുപ്രാസം, യമകം എന്നിവയുടെ പരിശീലനം

| | |
|---|---|
| വൃത്തമഞ്ജരി | എ.ആർ രാജരാജവർമ്മ |
| ഭാഷാഭൂഷണം | എ.ആർ രാജരാജവർമ്മ |
| വൃത്തശില്പം | കുട്ടികൃഷ്ണമാരാർ |
| സാഹിത്യഭൂഷണം | കുട്ടികൃഷ്ണമാരാർ |
| അലങ്കാരശാസ്ത്രം മലയാളത്തിൽ | ഡോ. ചാത്തനാത്ത് അച്യുതനുണ്ണി |

## MJD 9 പ്രാചീനകേരളം- ചരിത്രവും സംസ്കാരവും (Pracheenakeralam-Charithravum Samskaravum)

കേരളത്തിന്റെ ചരിത്രവും സംസ്കാരവും വിസ്തരിച്ചു മനസ്സിലാക്കുകയാണ് ഈ പേപ്പറിന്റെ ഉദ്ദേശം. സാംസ്കാരികചരിത്രത്തിനാണ് ഊന്നൽ. റഫറൻസിനുപുറമെ വായന ആവശ്യമാണ്.

**യൂണിറ്റ് 1.**

കേരളചരിത്രരചനയുടെ ഉപാദാനങ്ങൾ-സംസ്കൃത, തമിഴ്, മണിപ്രവാളകൃതികൾ, ശിലാശാസനങ്ങൾ, ചെപ്പേടുകൾ, മഹാശിലാവശിഷ്ടങ്ങൾ, ഗുഹാചിത്രങ്ങൾ, നാണയങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ മുതലായവ.

**യൂണിറ്റ് 2.**

സംഘകാലത്തെ കേരളം-കേരളത്തിലെ ജനത - ആദിമനിവാസികൾ, വിവിധ സിദ്ധാന്തങ്ങൾ, കുടിയേറ്റസിദ്ധാന്തം, സംഘകൃതികളിൽ കാണുന്ന കേരളചരിത്രം, സംസ്കാരം, എന്നിവ - ഒന്നാം ചേരസാമ്രജ്യം.

**യൂണിറ്റ് 3.**

ബ്രാഹ്മണാധിനിവേശം കേരളത്തിൽ - രണ്ടാം ചേരസാമ്രാജ്യം, കുലശേഖരപരമ്പര, മതങ്ങൾ, ജൈന-ബുദ്ധമതങ്ങൾ, ഇസ്ലാമിന്റെ വരവ്, ഭക്തിപ്രസ്ഥാനം, ശൈവ-വൈഷ്ണവ പാരമ്പര്യം, ശങ്കരാചാര്യർ-അദ്വൈതദർശനം.

**യൂണിറ്റ് 4.**

ജന്മിസമ്പ്രദായം - ദേവസ്വം, ബ്രഹ്മസ്വം, ജന്മം, പാട്ടം, കുടിയാന്മ, ഉത്സവങ്ങൾ, ആഘോഷങ്ങൾ,ആചാരങ്ങൾ,കേരളത്തിന്റെ ചികിത്സാപാരമ്പര്യം, കളരിസമ്പ്രദായം.

**യൂണിറ്റ് 5 .**

കേരളത്തിലെ കലാരൂപങ്ങൾ - ക്ലാസ്സിക്കൽ കലകൾ- കൂടിയാട്ടം, കൂത്ത്, കഥകളി,തുള്ളൽ പാഠകം മുതലാവ. നാടോടികലാരൂപങ്ങൾ-തെയ്യം / തിറ, പടയണി മുതലായവ

**അധിക വായനക്ക് :**

| | |
|---|---|
| കേരളത്തിന്റെ സാംസ്കാരികചരിത്രം | പി കെ ഗോപാലകൃഷ്ണൻ |
| കേരള സംസ്കാരം | പ്രൊഫ.എ.ശ്രീധരമേനോൻ |
| കേരള ചരിത്രം | പ്രൊഫ.എ.ശ്രീധരമേനോൻ |
| കേരള സംസ്കാരം | ഡോ.എം.എൻ നമ്പൂതിരി |
| കേരള ചരിത്രം | എം ആർ രാഘവവാര്യർ, രാജൻ ഗുരുക്കൾ |

**MJD - 10 ഭാഷാസാഹിത്യചരിത്രം-പ്രാചീനം( Bhashasahithyacharithram - Pracheenam**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ആവിർഭാവം മുതൽ പതിനെട്ടാം ശതകം വരെയുള്ള ചരിത്രമാണ് പാഠ്യവിഷയം.

**യൂണിറ്റ്1.**

മലയാളം ഒരു ദ്രാവിഡഭാഷ എന്ന നിലയിൽ - മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ - സംസ്കൃതജന്യവാദം, സ്വതന്ത്രവാദം, ഉപശാഖാവാദം, മിശ്രഭാഷാവാദം, പൂർവ്വ-തമിഴ് മലയാളവാദം - മലയാളഭാഷയുടെ ഘട്ടവിഭജനം-കേരള പാണിനീയത്തിന്റെപീഠിക

**യൂണിറ്റ് 2.**

പാട്ടുപ്രസ്ഥാനം-ദ്രാവിഡപ്രഭാവം, ലീലാതിലകകാരന്റെ നിർവചനം, രാമചരിതം, തിരുനിഴൽമാല, പയ്യന്നൂർപാട്ട്,നിരണംകൃതികൾ, രാമകഥാപ്പാട്ട്, കൃഷ്ണഗാഥ എന്നിവ. തെക്കൻപാട്ടും വടക്കൻപാട്ടും.

**യൂണിറ്റ് 3.**

മണിപ്രവാളം- ലീലാതിലകം എന്ന ലക്ഷണഗ്രന്ഥം, ആദ്യകാല മണിപ്രവാള കൃതികൾ പ്രാചീനചമ്പുക്കൾ, ലഘുകാവ്യങ്ങൾ, സന്ദേശകാവ്യങ്ങൾ, മദ്ധ്യകാലമണിപ്രവാളം - മദ്ധ്യകാലചമ്പുക്കൾ

**യൂണിറ്റ് 4.**

കിളിപ്പാട്ട് - കിളിപ്പാട്ടിന്റെ ദ്രാവിഡപ്രഭാവം, തുഞ്ചത്തെഴുത്തച്ഛൻ, ജനകീയകലാപ്രസ്ഥാനം - തുള്ളൽ - കുഞ്ചൻനമ്പ്യാർ , ആട്ടക്കഥകൾ- ഉണ്ണായി വാര്യർ, കോട്ടയത്ത് തമ്പുരാൻ തുടങ്ങിയവർ

**യൂണിറ്റ് 5.**

പ്രാചീനഗദ്യം-ബ്രാഹ്മണ്ഡപുരാണം, ഭാഷകൗടലീയം, ചമ്പു, പാഠകം, ശാസനഭാഷ

**അധികവായനയ്ക്ക്**

| | |
|---|---|
| സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ | ഡോ കെ എം ജോർജ് |
| കൈരളിയുടെ കഥ | എൻ കൃഷ്ണപിള്ള |
| മലയാള കവിതാസാഹിത്യ ചരിത്രം | ഡോ എം ലീലാവതി |

## MJD - 11 SUMMER INTERNSHIP

## MID5 സൈബർമലയാളം - സംവേദനവും സാങ്കേതികതയും (Cybermalayalam -SamvedanavumSankethikathayum)

കമ്പ്യൂട്ടറും ഇന്റെർനെറ്റും സ്മാർട്ട്ഫോണുമൊക്കെ ചേർന്ന് ഭാഷാസാഹിത്യപ്രയോക്താക്കളെ മാറ്റിപ്പണിതിരിക്കുന്ന കാലഘട്ടത്തിൽ, സിദ്ധാന്തങ്ങളുടെ അമിതഭാരമില്ലാതെ ഈ അന്തരീക്ഷത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ 5 യൂണിറ്റുകളായ 5 ലേഖനങ്ങളിലൂടെ പഠിതാക്കൾക്ക് ഉൾക്കൊള്ളാനാവണം. കെ.പി അപ്പന്റെ ലേഖനം സൈബർ സാഹിത്യത്തിന്റെവ വരവ് വിളിച്ചറിയിക്കുന്നു.
ഡോ. മനോജ് കൂറൂർ അതിന്റെ ലക്ഷ്യ-ലക്ഷണങ്ങൾ വ്യക്തമാക്കുന്നു. സൈബർഭാഷയ്ക്ക് മൊബൈൽഫോൺ എങ്ങനെ ചലനക്ഷമത നൽകിയെന്ന് ഡോ. എൻ.പി സജീഷിന്റെ - ലേഖനം വ്യക്തമാക്കുന്നു. കമ്പ്യൂട്ടർമലയാളത്തിന്റെ. സാങ്കേതികചരിത്രമാണ് ഡോ സുനീത ടി.വി വ്യക്ത മാക്കുന്നത്. ശ്രീ. ഹുസൈൻ കെ എച്ച് സ്വതന്ത്രമലയാള കമ്പ്യൂട്ടിങ്ങിന്റെ ഏറ്റവും പുതിയനില അവതരിപ്പിക്കുന്നു.

| | |
|---|---|
| യന്ത്ര സരസ്വതി സംഭ്രമിപ്പിക്കുമോ | കെ .പി അപ്പൻ |
| നവമാധ്യമസാഹിത്യം വികാസത്തിന്റെല ഘട്ടങ്ങൾ | ഡോ മനോജ് കുറൂർ |
| എസ്. എം. എസ് - പ്രതിഭാഷയുടെ പാഠഭേദങ്ങൾ | ഡോ. എൻ പി സജീഷ് |
| മലയാളം കമ്പ്യൂട്ടിങ് - സാങ്കേതികതയുടെ നാൾവഴികൾ | ഡോ സുനീത ടി.വി |
| കുത്തകങ്ങളിൽ നിന്ന് മോചനം നേടുന്ന മലയാളം ഡിടിപി | ഹുസൈൻ കെ എച്ച് |

**SEMESTER VI**

## MJD12 മലയാള വ്യാകരണം (Malayala vyakaranam )

മലയാളഭാഷാ വ്യാകരണത്തിന്റെ മൂലഗ്രന്ഥമെന്ന് വിശേഷിപ്പിക്കപ്പെടുന്ന എ.ആർ. രാജവർമ്മയുടെ കേരളപാണിനിയവും ലീലാതിലകത്തിലെ ആദ്യത്തെ മൂന്നു ശില്പങ്ങളും അടിസ്ഥാനമാക്കിയാണ് ഈ പേപ്പർ പഠിക്കേണ്ടത്.

**യൂണിറ്റ് 1 :**

മലയാളദേശവും ഭാഷയും - ഘട്ടവിഭജനം - അക്ഷരമാല - വർണ്ണവികാരങ്ങൾ

**യൂണിറ്റ് 2 :**

സന്ധി വിഭാഗം- ശബ്ദവിഭാഗം

**യൂണിറ്റ് 3:**

ലിംഗം- വചനം- വിഭക്തി- കാരകം-തദ്ധിതം

**യൂണിറ്റ് 4 :**

കാലം- പ്രകാരം- പ്രയോഗം- പ്രയോജന - പ്രകൃതി നാമധാതു-ഖിലധാതു- അനുപ്രയോഗം-സാമാസം

**യൂണിറ്റ് 5:**

ലീലാതിലകത്തിലെ ആദ്യത്തെ മൂന്ന് ശില്പങ്ങൾ

## MJD 13 ആധുനിക കേരളം- ചരിത്രവും സംസ്കാരവും
## (Adunikakeralam-Charitravum Samskaravum)

കുലശേഖരസാമ്രാജ്യത്തിന്റെ പതനം മുതൽ ഐക്യകേരളം വരെയുള്ള കേരളചരിത്രവും സംസ്കാരവുമാണ് പാഠ്യവിഷയം. ചരിത്ര സംഭവങ്ങൾക്കും അവയുടെ സാംസ്കാരികഫലത്തിനും തുല്യപരിഗണന. റഫറൻസിൽ നിർദേശിച്ച പുസ്തകങ്ങൾക്ക് പുറമേ വായന ആവശ്യമാണ്.

**യൂണിറ്റ് 1.**

രണ്ടാം ചേരസാമ്രാജ്യത്തിന്റെ പതനം, 3 പ്രബലകോയ്മകളുടെ ആവിർഭാവം-വേണാട്,പെരുമ്പടപ്പ്,നെടിയിരുപ്പ്, അത്യുത്തരകേരളം-കോലത്തിരിയും, ആയ് രാജവംശം - സാമൂഹിക-രാഷ്ട്രീയാവസ്ഥ, ചാവേർ, മാമാങ്കം, രേവതി പട്ടത്താനം, കടവല്ലൂർഅന്യോന്യം, ശിക്ഷാവിധികൾ-ശുചീന്ദ്രം കൈമുക്ക്, ഫണികുംഭ പരീക്ഷ തുടങ്ങിയവ - തൃപ്പടിദാനം.

**യൂണിറ്റ് 2.**

വൈദേശികാധിനിവേശം-ഡച്ചുകാർ, പോർച്ചുഗീസുകാർ, ഫ്രഞ്ചുകാർ  ഇംഗ്ലീഷുകാർ, മയ്യഴിയുടെ ആവിർഭാവം, ഉദയം പേരൂർ സുനഹദോസ്, കൂനൻകുരിശ്കലാപം, പ്രകൃതി, ചികിത്സ അച്ചടി എന്നീ മേഖലകളിലെ സംഭാവനകൾ, വൈദേശികാധിപത്യത്തിന്റെ സാംസ്കാരികഫലങ്ങൾ- മതം, വിദ്യാഭ്യാസം ആനുകാലികങ്ങൾ.

**യൂണിറ്റ് 3.**

വൈദേശികാധിപത്യത്തിനെതിരെയുള്ള പ്രതിരോധം-കുഞ്ഞാലിമരയ്ക്കാർ, അഞ്ചുതെങ്ങ് കലാപം,പഴശ്ശിരാജ, വേലുത്തമ്പിദളവ, പാലിയത്തച്ചൻ, ഹൈദരാലി, ടിപ്പുസുൽത്താൻ എന്നിവരുടെ മലബാർ ആക്രമണം

**യൂണിറ്റ് 4.**

സാംസ്കാരികനവോത്ഥാനം കേരളത്തിൽ- മിഷനറിമാരുടെ പ്രവർത്തനം കേരളീയസമൂഹത്തിൽ സൃഷ്ടിച്ച പരിവർത്തനം,ആത്മീയാചാര്യന്മാരുടെ പ്രവർത്തനങ്ങൾ- വൈകുണ്ഠസ്വാമി, അയ്യാസ്വാമി ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമി, ബ്രഹ്മാനന്ദശിവയോഗി, വാഗ്ഭടാനന്ദൻ, ആനന്ദതീർത്ഥൻ, സാമൂഹിക സംഘടനകൾ- ശ്രീനാരായണ ധർമ്മ പരിപാലനയോഗം സാധുജന പരിപാലനസംഘം തുടങ്ങിയവ സമുദായിക നവോത്ഥാനസംഘടനകൾ പണ്ഡിറ്റ്കറുപ്പൻ, സഹോദരൻ അയ്യപ്പൻ, വി ടി ഭട്ടതിരിപ്പാട്, വൈക്കം മൗലവി മുതലായവർ

**യൂണിറ്റ് 5.**

ആധുനിക കേരളത്തിന്റെ സൃഷ്ടി- മലയാളി മെമ്മോറിയൽ, ഈഴവമെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം ഉത്തരവാദ പ്രക്ഷോഭം, വൈക്കം സത്യാഗ്രഹം, ക്ഷേത്രപ്രവേശന വിളംബരം, ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവം, ഐക്യ കേരള പ്രസ്ഥാനം, കേരളപ്പിറവി, ഫ്രഞ്ചിന്ത്യൻ വിമോചന പ്രസ്ഥാനവും മയ്യഴി വിമോചനവും

**റഫറൻസ്**


കേരളത്തിന്റെ സാംസ്കാരിക ചരിത്രം — പി കെ ഗോപാലകൃഷ്ണൻ

| | |
|---|---|
| കേരള ചരിത്രം | രാഘവവാര്യർ, രാജൻ ഗുരുക്കൾ |
| കേരള സംസ്കാരം | എ ശ്രീധരമേനോൻ |
| കേരള സംസ്കാരം | ഡോ എൻ എം നമ്പൂതിരി |

## MJD14 ഭാഷാസാഹിത്യചരിത്രം- ആധുനികം (Bhashasahithyacharithram - Aadhunikam)

കാല്പനികതപൂർവ്വഘട്ടം മുതൽ ആധുനികാനന്തരഘട്ടം വരെയുള്ള മലയാളസാഹിത്യ ചരിത്രമാണ് പാഠ്യവിഷയം. റഫറൻസ് ആയി നൽകിയ പുസ്തകങ്ങൾക്ക് പുറമേ വായന ആവശ്യമാണ്

**യൂണിറ്റ് 1.**

കാല്പനികതാപൂർവ്വ പ്രവണതകൾ കവിതയിൽ - വെണ്മണി പ്രസ്ഥാനം, പച്ച മലയാള പ്രസ്ഥാനം എന്നിവ. കൊടുങ്ങല്ലൂർ കളരി ആദ്യകാലസാഹിത്യ സംഘടനകൾ എന്നിവ. പ്രാസവാദം. മഹാകാവ്യങ്ങളും ഖണ്ഡ കാവ്യങ്ങളും.

**യൂണിറ്റ് 2.**

ആധുനിക മലയാളത്തിന്റെ ആവിർഭാവം മിഷനറിമാരുടെ സംഭാവനകൾ - നിഘണ്ടുക്കൾ , വ്യാകരണകൃതികൾ,ആനുകാലിക ങ്ങളുടെ പ്രസിദ്ധീകരണം, നോവൽ, ചെറുകഥ, നാടകം, സാഹിത്യവിമർശനം, ജീവചരിത്രം, യാത്രാവിവരണം തുടങ്ങിയ ആധുനിക സാഹിത്യരൂപങ്ങളുടെ ആവിർഭാവം

**യൂണിറ്റ് 3.**

കാല്പനികത മലയാള കവിതയിൽ - വി സി ബാലകൃഷ്ണ പണിക്കർ, കവിത്രയം, ഇടപ്പള്ളി പ്രസ്ഥാനം, പി കുഞ്ഞിരാമൻ നായർ ജി ശങ്കരക്കുറുപ്പ്, മിസ്റ്റിസിസം- ജി ശങ്കരക്കുറുപ്പ്, കാല്പനക്കപ്പുറം- ഇടശ്ശേരി, എൻ വി കൃഷ്ണവാര്യർ, വൈലോപ്പിള്ളി മുതലായവർ.

**യൂണിറ്റ് 4.**

നവോത്ഥാനകാലം എന്ന സങ്കല്പം- പുരോഗമന സാഹിത്യം പ്രസ്ഥാനം, കേസരി ബാലകൃഷ്ണപിള്ള, സർഗ്ഗരചയിതാക്കൾ, തകഴി , ദേവ്, ബഷീർ, പൊൻകുന്നം വർക്കി,പൊറ്റെക്കാട്,ഉറൂബ് തുടങ്ങിയവർ. ഇബ്സനിസ്സ് പ്രസ്ഥാനം മലയാള നാടകത്തിൽ - എൻ കൃഷ്ണൻപിള്ള, കുട്ടനാട് രാമകൃഷ്ണപിള്ള.

**യൂണിറ്റ് 5.**

ആധുനികതയും ആധുനികാനന്തരതയും - പ്രധാനപ്പെട്ട എഴുത്തുകാരും കൃതികളും, കവിത, ചെറുകഥ, നോവൽ, നാടകം, സിനിമ

**അധികവായനയ്ക്ക്**

| | |
|---|---|
| മലയാള കവിതാസാഹിത്യചരിത്രം | ഡോ എം ലീലാവതി |
| മലയാള നോവൽസാഹിത്യചരിത്രം | കെഎം തരകൻ |
| മലയാള ചെറുകഥ സാഹിത്യ ചരിത്രം | ഡോഎം എം ബഷീർ |
| ചെറുകഥ ഇന്നലെ ഇന്ന് | എം.അച്യുതൻ |
| എന്താണ് ആധുനികത | എം മുകുന്ദൻ |
| ഉത്തരാധുനികത വർത്തമാനവും വംശാവലിയും | കെ പി അപ്പൻ |

## MJD- 15 സാഹിത്യസിദ്ധാന്തങ്ങൾ - പൗരസ്ത്യം (Sahithyasidathangal-Pourasham)

കാവ്യശാസ്ത്ര സംബന്ധിയായ ഭാരതീയ കാഴ്ചപ്പാടുകൾ സാമാന്യമായി മനസ്സിലാക്കുകയാണ് ഈ പേപ്പറിന്റെ പഠനലക്ഷ്യം.

**യൂണിറ്റ് 1.**

കവി, കാവ്യം, സഹൃദയൻ, കാവ്യശാസ്ത്രം എന്നിവയുടെ നിർവ്വചനങ്ങൾ കാവ്യഹേതുക്കളെ കുറിച്ചും കാവ്യ പ്രയോജനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ.

**യൂണിറ്റ് 2.**

അലങ്കാര സിദ്ധാന്തം-ഭാമഹൻ മുതലായവരുടെ കാഴ്ചപ്പാടുകൾ

**യൂണിറ്റ് 3.**

രീതി സിദ്ധാന്തം - ഭരതമുനി, ദണ്ഡി, വാമനൻ തുടങ്ങിയവരുടെ വാദങ്ങൾ - ഗുണവിവേചനം

**യൂണിറ്റ് 4**

ധ്വനി സിദ്ധാന്തം- ശബ്ദവ്യാപാരങ്ങൾ- ധ്വനിയുടെ ലക്ഷണവും വിഭാഗങ്ങളും - രസസിദ്ധാന്തം-രാസ സൂത്രവും വ്യാഖ്യാനങ്ങളും

**യൂണിറ്റ് 5.**

അനുമാന സിദ്ധാന്തം- വാക്രോക്തി സിദ്ധാന്തം-ഔചിത്യസിദ്ധാന്തം ഇവയുടെ സാമാന്യ പരിചയം

**അധികവായനയ്ക്ക്**

| | |
|---|---|
| ഭാരതീയ കാവ്യശാസ്ത്രം | ഡോ,ടി.ഭാസ്കരൻ |
| ഭാരതീയ കാവ്യശാസ്ത്രസാരം | വേദബന്ധു |
| അലങ്കാരശാസ്ത്രം മലയാളത്തിൽ | ഡോ ചാത്തനോത്ത് അച്യുതനുണ്ണി |
| രീതി ദർശനം | ഡോ ചാത്തനോത്ത് അച്യുതനുണ്ണി |
| കൈരളീധ്വനി | ഡോ പി.ക. നവാരായണപിള്ള |
| കാവ്യമീമാംസ | കെ സുകുമാരപിള്ള |

## MID - 6 മാധ്യമപഠനം (Madhyamapatanam)

അച്ചടി, ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളെയെല്ലാം സാമാന്യമായി പരിചയപ്പെടുകയും അവയുടെ വ്യതിരിക്തതകൾ മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഈ പേപ്പറിന്റെ ഉദ്ദേശ്യം. അഞ്ചു ലേഖനങ്ങൾ അഞ്ച് യൂണിറ്റുകളായി വിശദപഠനത്തിന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| ചലച്ചിത്രം സംവിധായകന്റെ കല | അടൂർ ഗോപാലകൃഷ്ണൻ |
| അച്ചടി - ഖരത്തിൽ നിന്ന് ദ്രവത്തിലേക്ക് | |
| മലയാള പത്രപ്രവർത്തനത്തിലെ | |
| ഉത്തരാധുനികകാലം | ഡോ. പി .കെ രാജശേഖരൻ |
| റേഡിയോ ഇരുപതാം നൂറ്റാണ്ടിൽ വളർന്നു | |
| വികസിച്ച ജനകീയ മാധ്യമം | പ്രഭാകരൻ |
| ടെലിവിഷൻ ട്യൂൺ ചെയ്ത മലയാളി ജീവിതം | ഡോ,ടി.കെ. സന്തോഷ് കുമാർ |
| നവമാധ്യമം - വിനിമയം, വ്യവഹാരം, സാമൂഹികത | സാബു കോട്ടുക്കൽ |

## SEMESTER VII

## MJD - 16 നാടോടിവിജ്ഞാനീയം - Folkloristics

**യൂണിറ്റ്1.**

നിർവചനം, വ്യാപ്തി, നരവംശ ശാസ്ത്രവുമായുള്ള ബന്ധം - ഫോക്ലോർ ഒരു സ്വന്ത്രചിന്തപദ്ധതി

**യൂണിറ്റ് 2.**

നാടോടിവിജ്ഞാനം ഇന്ന് - പുതിയ നിർവചനം അലൻഡാൻഡസിന്റെ ചിന്ത.

**യൂണിറ്റ് 3.**

നാടോടിസാഹിത്യം - വർഗ്ഗീകണം - മിത്ത് - നാടോടികഥകൾ - പുരാവൃത്തം കേരളത്തിലെ പുരാവൃത്തങ്ങൾ - കാളീധാരിക സങ്കൽപ്പം - കേരളോൽപ്പത്തിയും പരശുരാമ ഐതിഹ്യം - ചരിത്രപരമായ ഐതീഹ്യം - മതപരമായ ഐതീഹ്യം - നാടൻപാട്ടുകൾ - വർഗ്ഗീകരണം - കഥാഗാനങ്ങൾ മുതലായവ - കടങ്കഥകൾ- വാമൊഴിസാഹിത്യം - ആചാരങ്ങൾ - നാടോടികലകൾ-നാടോടിനൃത്തം - നാടോടിക്കഥകളുടെ വർഗ്ഗീകരണം

**യൂണിറ്റ് 4.**

നാടോടിഗാനങ്ങൾ-പഴഞ്ചൊല്ലുകൾ-അനുഷ്ഠാനങ്ങൾ -നാടോടിനാടകം - കാക്കാരിശ്ശിനടകം-ചവിട്ട്നാടകം - പൊറാട്ട്നാടകം - പൂതനും തിറയും

**യൂണിറ്റ് 5.**

അനുഷ്ഠാനകലകൾ - തെയ്യം - തിറ - പടയണി - മുടിയേറ്റ് മുതലായവ. ഉർവ്വരതാരാധന - വടക്കൻ പാട്ടുകൾ - നാടൻകരവിരുതും - കലാവിരുതും - നാടൻവാസ്തുവിദ്യ

## MJD -17 അച്ചടി മാധ്യമം - തത്വവും പ്രയോഗവും

**യൂണിറ്റ് 1.**

ആശവിനിമയം - നിർവ്വചനം. ആശയവിനിമയപ്രക്രിയ-ആശയം, സന്ദേശം, സങ്കേതനം,പ്രക്ഷേപണം, വിസങ്കേതനം , പ്രതികരണം, ആശയ വിനിമയത്തിന്റെ ധർമ്മങ്ങൾ, ആശയവിനിമയത്തിന്റെ വർഗ്ഗീകരണം, ബഹുജ നാശയവിനിമയം.

**യൂണിറ്റ് 2.**

മാധ്യമം- നിർവ്വചനം, മാധ്യമങ്ങളുടെ വർഗ്ഗീകരണം, മാധ്യമവും, സാങ്കേതികവിദ്യയും,എഴുത്ത്, അച്ചടി, പ്രക്ഷേപണം ,സംപ്രേക്ഷണം, എന്നിവ. കമ്പ്യൂട്ടറും ഇന്റെ നെറ്റും വെബ്ബ്ധിഷ്ഠിത മാധ്യമങ്ങൾ, അച്ചടി മാധ്യമത്തിന്റെ സവിശേഷതകൾ.

**യൂണിറ്റ് 3.**

വാർത്ത - നിർവ്വചനം - വാർത്താമൂലകങ്ങൾ, വാർത്താപ്രഭാവം, വാർത്താലേഖനരചന, ഇൻവർട്ടഡ്, പിരമിഡ്ഘടന, വാർത്താലേഖനങ്ങളുടെ വർഗ്ഗീകരണം. റിപ്പോർട്ടിംഗ്, വാർത്താലേഖകന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ, വാർത്താശേഖരണം.

**യൂണിറ്റ് 4.**

വാർത്തേതരരചനകൾ -അഭിമുഖ സംഭാഷണം - ഫീച്ചർ രചന, കാർട്ടൂണുകൾ, ഫോട്ടോകൾ, എഡിറ്റോറിയൽ.

റഫറൻസ്


| | |
|---|---|
| വാർത്ത -1 മുതൽ 3 വരെ വാല്യങ്ങൾ | ജോയി തിരുമൂലപുരം |
| വൃത്താന്തപത്രപ്രവർത്തനം | സ്വദേശാഭിമാനി. കെ. രാമകൃഷ്ണപിള്ള |
| പത്രങ്ങൾ വിചിത്രങ്ങൾ | കെ .പി .വിജയൻ |

## MJD -18 സഞ്ചാരസാഹിത്യം

മലയാളത്തിലെ സഞ്ചാരസാഹിത്യ സാഹിത്യകൃതികൾ പരിചയപ്പെടുകയും യാത്രാനുഭവങ്ങൾ ആഖ്യാനം ചെയ്യുന്ന രീതികൾ വിദ്യാർത്ഥികളെ മനസ്സിലാ ക്കിക്കൊടുക്കുന്ന തരത്തിൽ താഴെ പറയുന്ന 5 കൃതികൾ ഇവിടെ പഠനത്തി നായി നിർദ്ദേശിക്കുന്നു

**യൂണിറ്റ് 1.**

കാപ്പിരികളുടെ നാട്ടിൽ - എസ് കെ പൊറ്റക്കാട്

**യൂണിറ്റ് 2.**

ഹിമവാന്റെ മുകൾതട്ടിൽ - രാജൻ കാക്കനാടൻ

**യൂണിറ്റ് 3.**

ബുദ്ധപഥം - രവീന്ദ്രൻ (മാതൃഭൂമി)

**യൂണിറ്റ് 4.**

ബാൾട്ടിക് ഡയറി - സന്തോഷ് ജോർജ് കുളങ്ങര

## MID 7 ദൃശ്യമാധ്യമം (Drishya Madhyamam)

**യൂണിറ്റ് 1.**

ദൃശ്യമാധ്യമം - നിർവചനം. ദൃശ്യമായ ആശയവിനിമയത്തിന്റെ വികാസചരിത്രം - ഗുഹാ ചിത്രങ്ങൾ മുതൽ വർത്തമാനകാലം വരെ. ഫോട്ടോഗ്രാഫി ചലച്ചിത്രം, വീഡിയോഗ്രാഫി ഡിജിറ്റൽ വീഡിയോ എന്നിവയുടെ ആവിർഭാവവും വളർച്ചയും.

**യൂണിറ്റ് 2.**

ദൃശ്യമായ ആശയവിനിമയത്തിന്റെ, ഘടകങ്ങൾ, ദൃശ്യഭാഷയുടെ ഘടകങ്ങൾ - ദൃശ്യം, ഫ്രെയിം, പ്രകാരവിന്യാസം തുടങ്ങിയവ ഷോട്ട് - വിവിധതരം ഷോട്ടുകൾ -സ്ഥലരാശിയുടെയും ക്യാമറ ആംഗിളിന്റെയും അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം, ക്യാമറയുടെ ചലനങ്ങൾ - പാനിംഗ്, ടിൽടിംഗ്. എന്നിവ ട്രക്കിംഗ്, ട്രോളി, ഷോട്ടുകൾ ക്രെയിൻ ഷോട്ടുകൾ.

**യൂണിറ്റ് 3.**

വാർത്ത ദൃശ്യമാധ്യമത്തിൽ- വാർത്താബുള്ളറ്റിൻ, വാർത്ത- മാഗസിൻ ന്യൂസ്ഫ്ലാഷ്, ബ്രേക്കിംഗ് ന്യൂസ്, വാർത്താധിഷ്ഠിത പരിപാടികൾ, വാർത്താവിശകലനം, ലൈവ് റിപ്പോർട്ടിംഗ്, അഭിമുഖ സംഭാഷണങ്ങൾ.

**യൂണിറ്റ് 4.**

വാർത്തേതരപരിപാടികൾ ടെലിവിഷനിൽ - ടെലിഫിലിം. നിർമ്മാണം, ആസൂത്രണം,തിരക്കഥ,സംവിധാനം, ഡോക്യുമെന്ററികൾ, വ്യക്തി ചരിത്രം, സ്ഥലങ്ങൾ,സംഭവങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റുകൾ.

## MID 8 പ്രായോഗിക മലയാളം (Prayogika Malayalam)

മലയാളഭാഷയിലൂടെയുള്ള ആശയവിനിമയം സ്വായത്തമാക്കാൻ വിദ്യാർത്ഥി കളെ പര്യാപ്തമാക്കിയാണ് ഈ പേപ്പറിന്റെസ ഉദ്ദേശം ശാസ്ത്ര സാങ്കേതിക വ്യാവസായ ആവശ്യാർത്ഥം മലയാളഭാഷയുടെ ഇടപെടൽ എപ്രകാരമാകാം എന്ന അന്വേഷണം കൂടി ഈ പേപ്പർ ലക്ഷ്യമിടുന്നുണ്ട്

**യൂണിറ്റ് 1.**

എഴുത്തിന്റെ സാങ്കേതിക വശങ്ങൾ( ഫ്യൂച്ചേഷൻ)- വിരാമ ചിഹ്നങ്ങൾ - അകലങ്ങൾ(spacing ) അടിക്കുറിപ്പ്(Footnoting) സൂചിക തയ്യാറാക്കൽ

**യൂണിറ്റ് 2.**

സംഗ്രഹം(Summary) -വിവരണം (Discretion ) - വ്യക്തിവിവരം (Biodata) - കത്ത് തയ്യാറാക്കൽ വ്യക്തിഗതം /ഔദ്യോഗികം

**യൂണിറ്റ് 3.**

പരസ്യം തയ്യാറാക്കൽ- ലഘുലേഖകൾ(Brochures) തയ്യാറാക്കൽ - കയ്യെഴുത്ത് പ്രതി തയ്യാറാക്കൽ - പോസ്റ്റർ നിർമ്മാണ -ചിത്രവിവരണം - തലവാചകം തയ്യാറാക്കൽ (Caption writing)-നടപടിചുരുക്കം -സംഭവവിവരണം (മിനിട്ട് തയ്യാറാക്കൽ ) - അറിയിപ്പ് തയ്യാറാക്കൽ.

**യൂണിറ്റ് 4.**

പ്രോജക്ട് തയ്യാറാക്കൽ പദ്ധതി തയ്യാറാക്കൽ നിർദ്ദേശ കത്രിക തയ്യാറാക്കൽ മെമ്മോറാണ്ടം തയ്യാറാക്കൽ

**യൂണിറ്റ് 5.**

ഉപന്യാസം രചന (Essay writing ) ഉപന്യാസരചന പ്രബന്ധരചന - പൊതുപ്രസംഗം തയ്യാറാക്കൽ- കായിക മത്സരങ്ങൾ -റിപ്പോർട്ട് തയ്യാറാക്കൽ

**സഹായകഗ്രന്ഥങ്ങൾ**

| | |
|---|---|
| ഗദ്യ ശിൽപം | വി. വി വാസുദേവ ഭട്ടതിരി |
| ഗദ്യരചന | Dr. സി കെ ചന്ദ്രശേഖരൻ |
| ഭരണ ഭാഷ പ്രസംഗങ്ങൾ | എം. വി തോമസ് |
| ഭരണഭാഷാ പീഠിക | വി കെ നാരായണൻ |

## SEMESTER VIII

### MJD - 19 ആത്മകഥയും ജീവചരിത്രവും

മലയാളത്തിലെ ആത്മകഥകളെ കുറിച്ചും ജീവചരിത്രങ്ങളെ കുറിച്ചും സാമാന്യമായ ബോധം ഉണ്ടാവുക എന്നതാണ് ഈ പേപ്പറിന്റെ ഉദ്ദേശം. രണ്ട് ആത്മ കഥകളും രണ്ട് ജീവചരിത്രങ്ങളും വിശദ പഠനത്തിനായി നിർദ്ദേശിക്കുന്നു. ഓരോ പുസ്തകത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും

**യൂണിറ്റ് 1.**

മലയാളത്തിലെ ആത്മകഥാശാഖ പരിചയം, മലയാളത്തിലെ പ്രധാനപ്പെട്ട ജീവചരിത്ര ഗ്രന്ഥങ്ങളുടെ പരിചയം

**യൂണിറ്റ് 2.**

| | |
|---|---|
| കവിയുടെ കാൽപ്പാടുകൾ( ആത്മകഥ) | പി കുഞ്ഞിരാമൻ നായർ |

**യൂണിറ്റ് 3.**

| | |
|---|---|
| നീർമാതളം പൂത്തകാലം( ആത്മകഥ) | മാധവിക്കുട്ടി |
| മൃത്യുഞ്ജയ കാവ്യജീവിതം | എം കെ സാനു |
| നാരായണഗുരു | പി കെ ബാലകൃഷ്ണൻ |

### MJD - 20 സാഹിത്യസിദ്ധാന്തങ്ങൾ - പാശ്ചാത്യം (Sahithyam Sidhanthangal-Pachathyam)

ആധുനിക വിമർശനതത്വാവബോധത്തിനായി പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ പരിചയപ്പെടുത്തുകയാണുദ്ദേശ്യം

**യൂണിറ്റ് 1**

കാവ്യദർശനം പ്ലേറ്റോയ്ക്കുമുമ്പ് - പ്ലേറ്റോയുടെ കാവ്യവിമർശനം- അരിസ്റ്റോട്ടിലിന്റെ കാവ്യശാസ്ത്രത്തിലൂടെ ഗുരുനാഥനുള്ള മറുപടി- അനുകരണവാദവും വികാരവിരേചനവാദവും.

**യൂണിറ്റ് 2**

ലോംഗിനസ്സിന്റെ ഉദാത്തതാസിദ്ധാന്തത്തിന്റെ പ്രാധാന്യം - കാല്പനികത

**യൂണിറ്റ് 3**

മദ്ധ്യകാലത്തെ പ്രധാന തത്വചിന്തകർ - ദാന്തെയുടെ സാഹിത്യചിന്ത- നിയോക്ലാസ്സിക്ക് തത്ത്വചിന്തകൾ - അന്തർജ്ഞാനസിദ്ധാന്തം

**യൂണിറ്റ് 4**

കാല്പനിക സാഹിത്യ സിദ്ധാന്തം - വില്യംബ്ലേക്, വേർഡ്സ്വർത്ത് - ഷെല്ലി - റിയലിസ്റ്റ് ചിന്തയുടെ കടന്നുവരവ്- ടോൾസ്റ്റോയുടെ കലാചിന്ത മാത്യൂആർനോൾഡ്, ടി .എസ്. എലിയറ്റ്- ഐ.എ റിച്ചേർഡ്സ്

**യൂണിറ്റ് 5**

ആധുനികതകളുടെ ഘട്ടം - കല കലയ്ക്കുവേണ്ടി - സാഹിത്യവും സാമൂഹികവാദവും-
മാർക്സിയൻ സാഹിത്യചിന്ത - കലയും മനോവിജ്ഞാനീയവും, ഫോമലിസം, ഇമേജിസം, ഘടനാവാദം, അപനിർമ്മാണം തുടങ്ങിയവ സ്ത്രീവാദം, പരിസ്ഥിതിവാദം എന്നിവയുടെ ആശയാന്തരീക്ഷം.

**പ്രബന്ധ സമർപ്പണം (Dissertation)**

**യൂണിറ്റ് 1 (ഒന്നാം ഘട്ടം)**

ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് സിനോപ്സിസ് തയ്യാറാക്കുക (മലയാളസാഹിത്യമോ കേരള സാംസ്കാരിക ചരിത്രം, കല, സംഗീതം ചിത്രം തുടങ്ങിയ വിഷയങ്ങൾ ഗവേഷണത്തിനായി തെരഞ്ഞെടുക്കാം.

**യൂണിറ്റ് 2.**

പഠനത്തിന്റെ ലക്ഷ്യം, പഠനത്തിന്റെ പ്രസക്തി, പൂർവ്വപഠനങ്ങൾ ആകരസാമഗ്രികൾ ഇവ പ്രത്യേകമായി സൂചിപ്പിക്കണം പ്രബന്ധസ്വരൂപം, അദ്ധ്യായവിഭജനം, ഉള്ളടക്കം, ഫുഡ് നോട്ട്, കൊട്ടേഷൻസ് ഗ്രന്ഥസൂചിക അനുബന്ധം മുതലായവ പ്രബന്ധത്തിൽ ഉൾക്കൊള്ളേണ്ടതാണ്.

**യൂണിറ്റ് 3.**

പഠനമേഖലയെ കുറിച്ച് പഠിതാവിന് വ്യക്തമായ അറിവുണ്ടായിരിക്കണം

**യൂണിറ്റ് 4.**

അച്ചടിച്ച പ്രബന്ധം കുറഞ്ഞത് 100 പേജ് എങ്കിലും വേണം ആമുഖത്തെക്കൂടാതെ മൂന്ന് അധ്യായങ്ങളും ഉപസംഹാരവും നിർബന്ധമായും വേണം.

**യൂണിറ്റ് 5.**

പ്രബന്ധത്തിന്റെ മൂല്യനിർണ്ണയം 60 % മാർക്ക് എക്സ്റ്റേണലും 40 % ഇന്റേർണലുമായിരിക്കും.

OR

**3 MJD പേപ്പറുകൾ**

## MJD-21 വിവർത്തനം - സിദ്ധാന്തവും പ്രയോഗവും

വിവർത്തനത്തിൽ വിദ്യാർത്ഥികളെ പ്രാഗത്ഭ്യമുള്ളവരാക്കുക എന്നതാണ് ഈ പേപ്പറിന്റെ ലക്ഷ്യം

**യൂണിറ്റ് 1.**

വിവർത്തനം - നിർവചനം -ഭാഷ ശാസ്ത്രം - സംസ്കാരം ഇവ യ്ക്ക് വിവർത്തനവുമായുള്ള ബന്ധം-വിവരിച്ചുള്ള വിവിധ സിദ്ധാന്തങ്ങൾ വിവർത്തനത്തിന്റെു ചരിത്രം സാഹിത്യത്തിൽ വിവർത്തനത്തിന്റെ പ്രസക്തി ശാസ്ത്രത്തിലും കലയിലും മതത്തിലും വിവർത്തനം ഉണ്ടാക്കിയ സ്വാധീനം

**യൂണിറ്റ് 2.**

വിവർത്തനത്തിന്റെ വർഗ്ഗീകരണം നേരിട്ടുള്ള വിവർത്തനവും സ്വതന്ത്ര വിവർത്തനം പുനരുപാദനവും രൂപാന്തരണവും

**യൂണിറ്റ് 3.**

ഒരു വിവർത്തകന് ഉണ്ടാകേണ്ട യോഗ്യതകൾ വിവർത്തനം പ്രകാരം എല്ലാ മികവുള്ളതാക്കാം

**യൂണിറ്റ് 4.**

വിവർത്തനത്തിലെ വിവിധതരം തിരിവുകൾ ഭാഷാന്തരീയം ഭാഷാപരവും

**യൂണിറ്റ് 5.**

Internal - Intralingal വിവർത്തനം - ഭാഗിക വിവർത്തനം

**യൂണിറ്റ് 6.**

വിശദപഠനം നെല്ലൂർ കരുണാകരന്റെം മേഘസന്ദേശം വിവർ ത്തനം

**യൂണിറ്റ് 7.**

വൈലോപ്പിള്ളിയുടെ വാനമ്പാടിയോട് എന്ന കവിതയുടെ വിവർത്തനം

## MJD -22 സ്ത്രീവാദവും സാഹിത്യവും (Sithreevadavum Sahithyavum)

സ്ത്രീ വാദത്തിന്റെു സ്വാധീനം സാഹിത്യത്തിൽ പ്രകടമാകുന്നതിനെകുറിച്ചുള്ള ധാരണ രൂപപ്പെടുത്തുകയാണ് പഠനോദ്ദേശ്യം. ആശയങ്ങളുടെ സാമാന്യ പരിചയമാണ് ഉദ്ദേശിച്ചിട്ടുള്ളത്. വൈദേശിക കൃതികളുടെ വിശദ പഠനം ഉദ്ദേശിക്കുന്നില്ല. അഞ്ചാമത്തെ യൂണിറ്റ് നൽകിയ മലയാളത്തിലെ സംഭാവനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**യൂണിറ്റ് 1.**

സ്ത്രീവാദ പ്രസ്ഥാനങ്ങൾക്കു മുമ്പ് സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി ഉയർന്നുവന്ന വാദങ്ങൾ - മേരി വോൾസ്റ്റോൺ ക്രാഫ്റ്റ് - എ വിൻഡിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വിമൻ - ജോൺസ്റ്റുവർട്ട് മില്ലിന്റെ ദി സബ്ജക്ഷൻ ഓഫ് വിമൻ - കെയറ്റ് മില്ലറ്റിന്റെ വിമൻ ഇൻ നൈന്റീന്ത് സെഞ്ച്വറി.

**യൂണിറ്റ് 2.**

സ്ത്രീവാദ സിദ്ധാന്തങ്ങളും സ്ത്രീവാദത്തിലെ അവാന്തര വിഭാഗങ്ങളും - ലിബറൽ സോഷ്യലിസ്റ്റ് റാഡിക്കൽ ലെസ്ബിയൻ ട്രാൻസ്ജെൻഡർ അവകാശങ്ങൾക്കായുള്ള പ്രവർത്തനം. ആത്മബോധമുള്ള ഒരു സാഹിത്യ സമീപനം എന്ന നിലയിൽ ഫെമിനിസത്തിന്റെഉ ഉദ്ഭവം. വെർജീനിയ വൂൾഫിന്റെ എ റൂം ഓഫ് വൺസ് ഓൺ 1929 - പുരുഷാധിപത്യത്തിന്റെറ വിമർശനം - പുരുഷാധിപത്യ സമൂഹം സ്ത്രീയെ ആത്മപ്രകാശത്തിൽ നിന്ന് തടയുന്നു.

**യൂണിറ്റ് 3.**

സിമോൺ ദ ബുവാറിന്റെപ സെക്കൻഡ് സെക്സ് 1949 വരുത്തിയ വിപ്ലവം പുരുഷന്റെ വിലോമ വസ്തുവെന്ന നിലയിലോ അന്യമെന്ന് നിലയിലുള്ള സ്ത്രീയുടെ വ്യക്തിത്വം. പുരുഷന്മാരുടെ സാഹിത്യത്തിൽ സ്ത്രീകളെ കുറിച്ചുള്ള മിത്തുകൾ.

**യൂണിറ്റ് 4.**

പുരുഷനിർമ്മിതമായ സാഹിത്യ ചരിത്രത്തിന്റെ സ്ത്രീപക്ഷ വിമർശനം സാന്ദ്രഗൽ സൂസൻ കുമാർ ഹൈലൻഡ് വാട്ടർ എന്നിവരുടെ ചിന്ത കളുടെ സാമാന്യ അവലോകനം. മനശാസ്ത്രം ചിഹ്ന വിജ്ഞാനീയം, മാർക്സിസം എന്നിവയുമായുള്ള ആദാന പ്രദാനങ്ങൾ ജൂലിയ ക്രിസ്തേവ, ഹെലൻ സിക്സു, ലൂസി ഇറിഗറെ, ഗായത്രി ചക്രവർത്തി സ്പിവാക്ക് എന്നിവരുടെ സംഭാവനയുടെ സാമാന്യ പരിചയം .

**യൂണിറ്റ് 5.**

ലളിതാംബിക അന്തർജനം കെ സരസ്വതി അമ്മ എന്നിവരുടെ സ്ത്രീ സ്വാതന്ത്ര്യ - വിചാരങ്ങൾ പാപത്തിരയ്ക്ക് സച്ചിദാനന്ദൻ എഴുതിയ അവതാരിക, ജയദേവിയുടെ സ്ത്രീവാദം, പുലരിയും ചന്തപ്പെണ്ണും ഉണ്ടാവുന്നത് എങ്ങനെ എന്നിവ മുന്നോട്ടുവയ്ക്കുന്ന നവസാംസ്കാരിക വീക്ഷണങ്ങൾ, സമകാല മലയാളത്തിലെ സ്ത്രീവാദം - സ്ത്രീപക്ഷ രചനകളും അവരുടെ വിമർശനവും ഗൈനോക്രിട്ടിസിസം .

**അധികവായനയ്ക്ക്**

| | |
|---|---|
| A Room of One's Own | Virginia Wolf |
| The Second Sex | Simond Bevoire |
| Women in the Nineteenth Century | Cate Millet |
| The Sexual Politics | Kate Millet |
| സ്ത്രീവാദം | ജെ ദേവിക |
| കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാകുന്നതെങ്ങനെ | ജെ ദേവിക |
| പാപത്തറയുടെ അവതാരിക | സച്ചിദാനന്ദൻ |
| പുരുഷന്മാർ ഇല്ലാത്ത ലോകം | കെ സരസ്വതി അമ്മ |
| ആത്മകഥയ്ക്കൊരാമുഖം | ലളിതാംബിക അന്തർജ്ജനം |

## MJD - 23 സംസ്കാരപഠനം (Samskara Padanam)

സംസ്കാരപഠനത്തിന്റെ മേഖലയിൽ നടക്കുന്ന സമകാലിക പ്രവർത്തനങ്ങൾ തിരിച്ചറിയാനും ഗ്രഹിക്കുവാനുമുള്ള പ്രാപ്തി നേടുകയാണ് പഠനോദ്ദേശ്യം. വൈദേശികകൃതികളുടെ സാമാന്യപരിചയമാണ് ഉദ്ദേശിക്കുന്നത്. മലയാളത്തിലെ കൃതികൾ പ്രത്യേകശ്രദ്ധ ആവശ്യപ്പെടുന്നു.

**യൂണിറ്റ് 1.**

സംസ്കാരം - പുനർനിർവ്വചനം പ്രകൃതി എന്നതിന്റെ വിപരീതം - മനുഷ്യനിർമ്മിതം - സംസ്കരിക്കപ്പെടൽ - മൂല്യാധിഷ്ഠിതവിധിപ്രസ്താവങ്ങൾ അന്തർനിഹിതം.

**യൂണിറ്റ് 2**

സംസ്കാരപഠനമേഖലയിലെ പ്രമുഖചിന്തകർ - ഇ.പി.തോംസൺ, സ്റ്റുവർട്ട് ഹാൾ, റെയ്മണ്ട് വില്യംസ് - പ്രധാനവാദഗതികൾ - മാത്യു ആർനോൾഡ്, എഫ് ആർ, ലിവീസ് തുടങ്ങിയവരുടെ സംസ്കാരസങ്കല്പം അതിന്റെ എതിർദിശയിലുള്ള സംസ്കാരപഠനത്തിന്റെ സമീപനവും റെയ്മണ്ട് വില്യംസിന്റെ കൾചർ ആന്റ് സൊസൈറ്റി, കീ വേഡ്സ് എന്നിവയുടെ പരിചയം, ടെറി ഈഗിൾട്ടൺന്റെ നവീന സമീപനങ്ങൾ - ദേശീയതാപഠനവുമായി സംസ്കാരപഠനം കൈകോർക്കുന്നു. തെറി ഈഗിൾട്ടൺന്റെ കൾച്ചർ, ഐഡിയ ഓഫ് കൾചർ എന്നീ ഗ്രന്ഥങ്ങൾ.

**യൂണിറ്റ് 3**

സംസ്കാരവിമർശനവും സംസ്കാരപഠനവും തമ്മിലുള്ള രൂപമാതൃകാപരമായ വ്യതിയാനം - സംസ്കാരം എന്നത് സാധാരണമാണ് - അതൊരു സമഗ്രജീവിതശൈലിയാണ് - സംസ്കാരപഠനത്തിൽ അന്റോണിയോ ഗ്രാംചി, ലൂയി അൽത്തൂസർ, റൊളാങ് ബാത് എന്നിവരുടെ ചിന്തകൾ ചെലുത്തിയ സ്വാധീനം.

**യൂണിറ്റ് 4.**

സംസ്കാരവും പ്രത്യയശാസ്ത്രവും - ജനപ്രിയസംസ്കാരപഠനങ്ങൾ - അന്റോണിയ ഗ്രാംചി വാൾട്ടർ ബെഞ്ചമിൻ, ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകർ, ആധുനികാനന്തരചിന്തകർ.

**യൂണിറ്റ് 5**

സംസ്കാരപഠനത്തിന്റെ കേരളീയപ്രയോഗങ്ങൾ - കുട്ടികൃഷ്ണമാരാരുടെ വിമർശനനിർവ്വചനം, ഡോ. ടി.പി.സുകുമാരന്റെ വിമർശനസമീപനങ്ങൾ, ഡോ.ആർ.വിശ്വനാഥന്റെ സംഭാവനകൾ എഴുത്തിന്റെയും വായനയുടെയും രാഷ്ട്രീയത്തെക്കുറിച്ച് സച്ചിദാനന്ദൻ, ബി. രാജീവൻ എന്നിവരുടെ ചിന്തകൾ - സംസ്കാര സമരത്തിന്റെ ഭാഗമെന്ന നിലിയിൽ ഫലിതവും വിമർശനവും - ചിരിയുടെ പ്രത്യയശാസ്ത്രം,

I അധികവായനയ്ക്ക് :

Culture and Society - Raymond Williams Keywords - Raymond Williams
The Idea of Culture - Terry Eagleton Culture Terry Eagleton
Key Concepts in Cultural Theory- (Ed.)
Andrew Edgar & Peter Sedgewick A Dictionary of Marxist Thought- (Ed.) Tom Bottomore.
സംസ്കാരപഠനത്തിന് ഒരു ആമുഖം - പി.പി. രവീന്ദ്രൻ
സംസ്കാരത്തിന്റെ രാഷ്ട്രീയം - സച്ചിദാനന്ദൻ
സംസ്കാരവും വിമർശനവും - എസ്.എസ്. ശ്രീകുമാർ
ജനനിബിഡമായ ദന്തഗോപുരം - ബി.രാജീവൻ അവസ്ഥയും ആഖ്യാനവും - ഡോ. ആർ.വിശ്വനാഥൻ
നല്ലവനായ കാട്ടാളൻ - ഡോ.ടി.പി.സുകുമാരൻ

## അനുബന്ധം 1

**അനുബന്ധം I :- Summer Intenship ഇന്റേൺഷിപ്പ്**

നിബന്ധനകൾ

1. എല്ലാ വിദ്യാർഥികളും നാലാം സെമസ്റ്ററിൽ 15 ദിവസമെങ്കിലും കമ്മ്യൂണിറ്റി എൻഗേജ്മെന്റിൽ ഏർപ്പെടണം. തൊഴിൽ പരിചയം, പ്രവർത്തിപരിചയം സാമൂഹിക സേവനാനുഭവം എന്നിവ വികസിപ്പി ക്കുന്ന വിധത്തിലുള്ള ഇന്റേവൺഷിപ്പിലാകണം ഏർപ്പെടേണ്ടത്. മലയാളസാഹിത്യ വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലും ഇന്റേൺഷിപ്പ് ആകാം.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ സർക്കാർ ഇതര സ്ഥാപനങ്ങളിലോ കലാസാഹിത്യ സാംസ്കാരിക മാധ്യമപ്രസാധന സ്ഥാപനങ്ങളിലോ സേവനം ചെയ്ത റിപ്പോർട്ട് സ്ഥാപനമേധാവിയിൽ നിന്നും നേടേണ്ടതാണ്.
3. ഡിപ്പാർട്ട്മെന്റിലെ അധ്യാപകന്റെ അല്ലെങ്കിൽ അധ്യാപികയുടെ മേൽ നോട്ടത്തിൽ മാർഗ്ഗനിർദേ ശത്തിലും വേണം ഇന്റേൺഷിപ്പ് പൂർത്തിയാക്കേണ്ടത്.
4. വിദ്യാർത്ഥി കുറഞ്ഞത് 45 ദിവസത്തിൽ കുറയാത്ത സമയം ഇന്റേൺഷിപ്പിനായി ചെലവഴിക്കണം. സമ്മർ ഇന്റേൺഷിപ്പ് മധ്യവേനൽ അവധിയ്ക്കോ, ഓണം, ക്രിസ്തുമസ് പോലുള്ള അവധി ദിവസങ്ങളും തെരഞ്ഞെടുക്കാവുന്നതാണ്.

5. ഇന്റേൺഷിപ്പിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥാപനങ്ങളിലേക്കോ മറ്റോ പഠനയാത്ര നടത്തി പഠന റിപ്പോർട്ട് തയ്യാറാക്കാം.

6. സാഹിത്യ - സാംസ്കാരിക പ്രവർത്തകരുടെ ജീവിതരേഖ അഭിമുഖം മോണോഗ്രാഫ് എന്നിവയുടെ നിർമിതിലേർപ്പെടാം.

7. സാഹിത്യകാരന്മാരുടെയോ സാംസ്കാരിക പ്രവർത്തകരുടെയോ ജീവിത രേഖ തയ്യാറാക്കാം.

8. അക്കാദമിയിലെ സൗകര്യം പ്രയോജനപ്പെടുത്തി കലാസംസ്കാരം തുട ങ്ങിയ വിഷയങ്ങൾ ലഘു പ്രബന്ധം തയ്യാറാക്കുക.

9. വിദ്യാർത്ഥികൾ ഉൾപ്പെടുന്ന പ്രദേശത്തെ ഫോക്‌ലോറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിയാവാം.

10 ചരിത്രപരവും സാംസ്കാരികപരവുമായ പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കം

11. ലിറ്ററേച്ചർ ഫെസ്റ്റിവെല്ലുകളിൽ പങ്കെടുക്കുകയും സംഘാടക പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്യാം.

12. പുസ്തക പ്രസിദ്ധീകരണ ശാലകളിൽ ഡി റ്റിപി, രൂപകൽപന, പ്രൂഫ് റീഡിംഗ് പ്രസാധനം, എന്നീ മേഖലകളിലുള്ള പരിശീലനം

ചരിത്ര-സംസ്കാരിക-വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപനങ്ങളി ലും നടക്കുന്ന പ്രവർത്തികളിൽ പങ്കാളികളാവുക. വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന പ്രദേശത്തെ വ്യത്യസ്ഥ ജീവിത ശൈലി പിന്തുടരുന്ന ജനങ്ങളുടെ ജീവിതചിത്രം രേഖപ്പെടുത്തുക. വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ തൊഴിൽ സ്വഭാവം മനസ്സിലാക്കുകയും അതിൽ പരിശീലനം നേടുകയും ചെയ്യാവുന്നതാണ്.

## അനുബന്ധം 2

## ചോദ്യപേപ്പർ മാതൃക (Pattern of Question Paper)

25 മാർക്കിനുള്ള ഇന്റേർണലിനുപുറമെ 75 മാർക്കിന്റെ യൂണിവേഴ്സിറ്റി തിയറി പരീക്ഷയും ഓരോ സെമസ്റ്ററിലും ഉണ്ടാകും.

75 മാർക്കിനുള്ള തിയറി പേപ്പർ

2 മാർക്കിന്റെ 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്ന വിധത്തിലുള്ളത്. ചോയിസ് നൽകണം 12 ഓ 13ഓ ചോദ്യങ്ങൾ ആവാം ( 2 x 10 = 20 മാർക്ക്)

5 മാർക്കിന്റെ 5 ചോദ്യങ്ങൾ. (ഉത്തരം ഒരു പുറമെങ്കിലും വേണം) ചോയിസ് വേണം. ഏഴോ, എട്ടോ ചോദ്യങ്ങൾ ആവാം ( 5 x 5 = 25 മാർക്ക്)

10 മാർക്കിനുള്ള 3 ചോദ്യങ്ങൾ. (മൂന്ന് പുറത്തിലെങ്കിലും ഉത്തരമെഴുതണം) ചോയിസ് വേണം. അഞ്ച് ചോദ്യങ്ങളെങ്കിലും കൊടുക്കണം. ( 3 x 10 = 30 മാർക്ക്)

Total 75 Marks 3 Hrs.

*********